Diwan Bahadur Dr. V. Verghese.—Yes; 91 patients have been treated till 30th Vrischigam 1102.

Stipends to Valans for studying medicine.

264. മിസ്റ്റർ കെ. പി. കറുപ്പൻ.—താഴെ എഴുതുന്ന ചോദ്യങ്ങൾക്ക് ഗവർമ്മേണ്ടു സദയം മറുപടി പറയുമൊ.—

(എ) വാലസമുദായത്തിൽ നിന്നും ആരെങ്കിലും വൈദ്യം പരിശീലനത്തിന് സഹായധനം അപേക്ഷിക്കുകയുണ്ടായിട്ടുണ്ടൊ;

(ബി) ഉണ്ടെങ്കിൽ ആവശ്യപ്പെട്ടപ്രകാരം എന്തെങ്കിലും സഹായം അവർക്ക നൽകീട്ടുണ്ടൊ?

ദിവാൻ ബഹദർ ഡോക്ടർ വി. വർഗ്ഗീസ്.—(എ) ഉണ്ട്.

(ബി) ഇല്ല.

The application of K. V. Kochunni for a post in the Medical Department.

265. മിസ്റ്റർ കെ. പി. കറുപ്പൻ. — (എ) വാല സമുദായത്തിൽ നിന്നും ഇടംപ്രഥമമായി വൈദ്യപരീക്ഷ പാസ്സായിവന്ന മിസ്റ്റർ കെ. വി. കൊച്ചുണ്ണി ഇവിടത്തെ വൈദ്യവകുപ്പിൽ ഒരു ഉദ്യോഗത്തിനപേക്ഷിച്ചിട്ടില്ലേ;

(ബി) മിസ്റ്റർ കൊച്ചുണ്ണിയുടെ അപേക്ഷപ്രകാരം അദ്ദേഹത്തെ നിയമിക്കുകയുണ്ടായൊ?

ദിവാൻ ബഹദർ ഡാക്ടർ വി. വർഗ്ഗീസ്:

(എ) ഉണ്ട്,

(ബി) ഇതേവരെ ആയിട്ടില്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—മിസ്റ്റർ കൊച്ചുണ്ണിയുടെ അപേക്ഷയുടെ ശേഷം പുതുതായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടൊ?

ദിവാൻ ബഹദർ ഡാക്ടർ വി. വർഗ്ഗീസ്.— ഇപ്പോൾ എനിക്ക ഓർമ്മയില്ല.

മിസ്റ്റർ കെ. പി. കറുപ്പൻ.—ഡാക്ടർ വെങ്കിടേശ്വരയ്യരുടെ നിയമനം മിസ്റ്റർ കൊച്ചുണ്ണിയുടെ അപേക്ഷക്ക് ശേഷമല്ലെഉണ്ടായിട്ടുള്ളതു്.

Diwan Bahadur Dr. V. Verghese.—I cannot fix exactly the date of Kochunni's application. It is difficult to remember all these. Mr. Venkiteswara Ayyar was taken into the Assistant Surgeon's grade. This Kochunni is only an L. M. P., and so cannot be appointed as Assistant Surgeon for want of necessary qualification.

മിസ്റ്റർ കെ. പി. കറുപ്പൻ.—വാലന്മാരുടെ ഇടയിൽ പരീക്ഷായോഗ്യത ഉള്ള ആളുകൾ വളരെ ഒന്നും ഇല്ലാത്ത സ്ഥിതിക്ക് വലിയപരീക്ഷായോഗ്യത വേണമെന്നുള്ള നിബന്ധത്തെ വക വെയ്ക്കാതെ ഉദ്യോഗം കൊടുത്തുകൂടെ?

President.—His question is, being a member of the depressed classes, why do you insist on qualifications? Why not you give special concession?

LIBRARY ARCHIVES Kerala Legislative Assembly

Diwan Bahadur Dr. V. Verghese.—The depressed condition of the applicant is not a sufficient qualification to do the work of the Assistant Surgeon. He ought to have professional qualifications. He must have had a University career, and he has to do a very important duty.

പ്രസിഡെണ്ട്.—അസിസ്റ്റണ്ട് സർജ്ജൻ, സബ്ബ് അസിസ്റ്റണ്ട് സർജ്ജൻ എന്ന് രണ്ടുഗ്രേഡുണ്ട്. അതിൽ അസിസ്റ്റണ്ട് സർജ്ജന് വലിയ സംഗതികളിൽ ഏർപ്പെടേണ്ടിവരും. അതുകൊണ്ട് പരീക്ഷായോഗ്യതയും കൂടുതൽ വേണം. സബ്ബ് അസിസ്റ്റണ്ട് സർജ്ജന് L. M. P. ആയിരുന്നാലും മതി. ഒഴിവുവന്നത് അസിസ്റ്റണ്ട് സർജ്ജൻ ഉദ്യോഗമാണ്. അതുകൊണ്ട് മിസ്റ്റർ കൊച്ചുണ്ണിക്ക് കൊടുക്കാൻ സാധിച്ചില്ല.

മിസ്റ്റർ കെ. പി കറുപ്പൻ—ഉദ്യോഗം ഒഴിവു വന്നപ്പോൾ സബ്ബ്സിലിരുന്നവർക്ക് കയറാം നല്ലപോലെയിട്ട് ഇയാളെ നിയമിക്കാൻ പാടില്ലായിരുന്നൊ?

പ്രസിഡെണ്ട്.—അതു പാടില്ല. അധികൃതർക്ക് വല്ല ഗുണവും ചെയ്യുന്നതിനായി മറുള്ളവരെ കയറാം ചെയ്യുന്നതു ശരിയായിരിക്കുകയില്ല

മിസ്റ്റർ കെ. പി. കറുപ്പൻ.—ഇനി ഉണ്ടാവുന്ന ഒഴിവുകളിലെങ്കിലും മിസ്റ്റർ കൊച്ചുണ്ണിയെ നിയമിക്കാൻ ദയവുണ്ടാകുമൊ?

President.—He wants the promise that Mr. Kochunni's case will be considered.

Diwan Bahadur Dr. V. Verghese.—I don't think I can hold out any definite promise to that effect. However, as the applicant belongs to the depressed class, I think I can consider his case, when a vacancy occurs.

പ്രസിഡെണ്ട്.—ഇനി ഉണ്ടാവുന്ന ഒഴിവുകളിൽ അയാളുടെ അപേക്ഷയിന്മേൽ തരം ഉണ്ടെങ്കിൽ പ്രത്യേകം ദൃഷ്ടിപതിച്ചു വേണ്ടതു ചെയ്യും.

Arayans, Valans and others in the Police Department.

266. മിസ്റ്റർ. കെ. പി. കറുപ്പൻ.—താഴെചേർക്കുന്ന ചോദ്യങ്ങൾക്ക് ഗവർമ്മെണ്ട് സദയം മറുപടി പറയുമൊ.—

(ഉ) അരയർ, വാലന്മാർ മുതലായ ധീവരവർഗ്ഗക്കാരിൽ നിന്നും പോലീസുവകുപ്പിൽ പ്രവേശനത്തിന് എത്ര അപേക്ഷകൾ കിട്ടീട്ടുണ്ട്;

(ഋ) അപേക്ഷകന്മാരിൽ എത്രപേർക്ക് ഉദ്യോഗം കൊടുത്തിട്ടുണ്ട്;

(ന) ആകെയുള്ള വാല, അരയ പോലീസ്സുകാരിൽ സ്ഥിരക്കാരുടേയും പകരക്കാരുടേയും സംഖ്യകളെ സദയം പ്രകാശിപ്പിക്കുമൊ;

(ര) (എ) ഇപ്പോൾ കരുപ്പടന്ന സ്റ്റേഷൻ ഇൻചാർജ്ജായിരിക്കുന്ന മിസ്റ്റർ ടി. എ. ശങ്കരൻ പോലീസ്സിൽ അംഗീകരിക്കപ്പെട്ടിട്ട് എത്ര വത്സരമായി;

LIBRARY ARCHIVES Kerala Legislative Assembly